## 2009 ഡിസംബർ 6

# യോഹന്നാൻ മാംദാനയുടെ ജനനം

## ലൂക്കോ 1:57-66

**ഫാ. പ്രഭീഷ് ജോർജ്ജ്**

നമ്മുടെ കർത്താവേശുമിശിഹായ്ക്ക് വഴിയൊരുക്കാൻ വന്ന സ്നാപക യോഹന്നാന്റെ ജനനമാണ് നാമിന്ന് ഓർമിക്കുന്നത്. തിരുസഭയിൽ വിശുദ്ധരുടെ മരണദിനം, സ്വർഗത്തിലെ അവരുടെ പിറവിയായിട്ടാണ് നാം കാണുന്നതും ആഘോഷിക്കുന്നതും. അതുകൊണ്ടുതന്നെ അവരുടെ ജന്മദിനമല്ല, മരണദിനമാണ് തിരുന്നാളായി നാം ആഘോഷിക്കുന്നത്. എന്നാൽ, ദൈവപുത്രന് ജന്മം നൽകിയ പരിശുദ്ധ ദൈവമാതാവിന്റെയും അവിടുത്തേയ്ക്ക് വഴിയൊരുക്കാൻ വന്ന സ്നാപകയോഹന്നാന്റെയും ജനനം നാം ആഘോഷിക്കുന്നു. അതിനുകാരണം രക്ഷാകരചരിത്രത്തിലുള്ള അവരുടെ നിർണായക സ്ഥാനമാണ്.

ഇന്നു നാം വായിച്ചുകേട്ട വേദഭാഗം, സ്നാപകയോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പിന്റെ തുടർച്ചയായിട്ടാണ് നാം മനസിലാക്കേണ്ടത്. ലോകരക്ഷയ്ക്കുവേണ്ടിയുള്ള രക്ഷാകര പദ്ധതിയിൽ മനുഷ്യവ്യക്തികളെ ദൈവം തെരഞ്ഞെടുക്കുന്നത് മാനുഷികമായ യോഗ്യതയാലല്ല. മറിച്ച്, ദൈവം നൽകിയയോഗ്യതയുടെ അടിസ്ഥാനത്തിലാണ്. അതുകൊണ്ടാണ് വി. പൗലോസ് ശ്ലീഹാ പറയുന്നത്, “സ്വന്തമായി എന്തെങ്കിലും മേന്മ അവകാശപ്പെടാൻ ഞങ്ങൾ യോഗ്യരല്ല. ഞങ്ങളുടെ യോഗ്യത ദൈവത്തിൽ നിന്നാണ്.” (2കോരി 3:5). മാനുഷിക യുക്തി കൊണ്ടല്ല, ദൈവീകവെളിപാടിന്റെ പശ്ചാത്തലത്തിലായിരിക്കണം അതിനെ നാം മനസിലാക്കേണ്ടത്.

ദൈവത്തിന്റെ രക്ഷാകരപദ്ധതി ശരിയായി മനസിലാക്കാൻ പരാജയപ്പെട്ട സഖറിയാ പുരോഹിതൻ, യോഹന്നാന്റെ ജനനം വരെ മൂകനായി പോവുകയാണ്. ദൈവീകവെളിപാടിനോടുള്ള നമ്മുടെ സമീപനം എപ്രകാരമാണെന്ന് വിചിന്തനം ചെയ്യാൻ ഈ സംഭവം നമ്മെ പ്രേരിപ്പിക്കുന്നു. ദൈവത്തിന്റെ വെളിപാട് വെറുമൊരു വാഗ്ദാനമല്ല, മറിച്ച് അവിടുത്തെ വചനം തന്നെയാണ്. ഈ പ്രപഞ്ചത്തെ മുഴുവൻ സൃഷ്ടിച്ച ശക്തമായ വാക്കാണിത്. ഈ വചനത്തിന്റെ ശക്തി നാം തിരിച്ചറിയണം, വിശ്വസിക്കണം. വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ദൈവത്തിന്റെ വചനം നമ്മുടെ ജീവിതത്തിലെ ശക്തിയായി നാം മനസിലാക്കി ഉൾക്കൊള്ളാൻ സാധിക്കണം.

അറിയിപ്പുമുതൽ സ്നാപകന്റെ ജനനംവരെ സഖറിയാ പുരോഹിതൻ വിശ്വാസത്തിൽ വളരുകയാണ്. ഈ വളർച്ച മാനുഷികമായ കാഴ്ചയിൽ നിന്ന് ദൈവീകമായ ദർശനത്തിലേയ്ക്കുള്ള ഒരു പരിണാമമാണ്. ദൈവീകവാഗ്ദാനങ്ങളെ പൂർണമായി ഉൾക്കൊള്ളാവുന്ന തരത്തിൽ വിശ്വാസത്തിൽ അദ്ദേഹം വളർന്നുകഴിഞ്ഞു. സ്നാപകന്റെ ജനനത്തോടെ സംസാരശക്തി വീണ്ടുകിട്ടിയതിലൂടെ ദൈവപദ്ധതിയുടെ സ്ഥിരീകണമാണ് അദ്ദേഹം പ്രാപിക്കുന്നത്. നാം പലപ്പോഴും പരാജപ്പെട്ടെന്ന് ചിന്തിക്കുന്ന ദൈവത്തിന്റെ വാഗ്ദാനം യഥാകാലം നിറവേറുക തന്നെചെയ്യും. വിശ്വാസം, പ്രത്യാശയോടെ ചേർത്തുകാണേണ്ട ദൈവീക പുണ്യമാണ്. പ്രത്യാശ നഷ്ടപ്പെട്ടവർക്ക് വിശ്വാസത്തിൽ സ്ഥിരത പ്രാപിക്കാൻ സാധ്യമല്ല. നമ്മുടെ ജീവിതത്തിൽ ഈ പ്രത്യാശയുടെ അഭാവം പലപ്പോഴും വിശ്വാസത്തിന്റെ തകർച്ചയായി മാറാറുണ്ട്. ദൈവത്തിന്റെ സമയത്തിലുള്ള വിശ്വാസമാണ് ഈ പ്രത്യാശ. അതിനാൽ ദൈവസമയത്തിനായി നമുക്ക് കാത്തിരിക്കാം.

വന്ധ്യയായ എലിസബത്ത് പ്രസവിച്ചത് ദൈവത്തിന്റെ കാരുണ്യമായിട്ടാണ് അയൽക്കാർ മനസിലാക്കുന്നത്. എന്നാൽ ഇത് ദൈവം ഒരു കുടുംബത്തോട് ചെയ്ത കാരുണ്യമല്ല, മറിച്ച് ലോകത്തോട് ചെയ്യാനിരിക്കുന്ന വലിയ കാരുണ്യത്തിന്റെ സ്ഥിരീകരണമാണ്. അതുകൊണ്ടാണ് കുഞ്ഞിന് യോഹന്നാൻ - ദൈവത്തിന്റെ കാരുണ്യം - എന്ന് പേരുനൽകിയത്. ഇത് സഖറിയായ്ക്കോ എലിസബത്തിനോ ലഭിച്ച കാരുണ്യമല്ല, മറിച്ച് ദൈവം ലോകത്തിന് നൽകി കാരുണ്യമാണ്. അത് എല്ലാവർക്കുമായിട്ട് ചൊരിഞ്ഞ, ചൊരിഞ്ഞുകൊണ്ടിരിക്കുന്ന കാരുണ്യമാണ്. നാം സ്വീകരിക്കുന്ന എല്ലാ അനുഗ്രഹങ്ങളും ദൈവത്തിന്റെ കാരുണ്യമാണ്. നമ്മുടെ മേന്മകൊ

ണ്ടല്ല, മറിച്ച്, ലോകത്തോട് ദൈവം കാണിക്കുന്ന കാരുണ്യത്തിന്റെ പ്രതീകമാണ് ഇത്തരം അനുഗ്രഹങ്ങൾ. പക്ഷേ പലപ്പോഴും അനുഗ്രഹം പ്രാപിച്ചുകഴിയുമ്പോൾ അനുഗ്രഹദാതാവിനെ മറന്നുപോകുന്ന പ്രവണത നാം കാണുന്നുണ്ട്.

ദാതാവിനെ മറന്ന് ദാനത്തിൽ ശ്രദ്ധപതിപ്പിക്കുമ്പോൾ, വിശ്വാസജീവിതത്തിൽ പ്രലോഭനങ്ങളുടെ വേലിയേറ്റം ഉണ്ടാകുന്നു. ഇത് വലിയൊരു വെല്ലുവിളിയാണ്. ഈ വെല്ലുവിളി അതിന്റെ ശരിയായ അർത്ഥത്തിൽ മനസിലാക്കി പ്രത്യുത്തരിച്ചവരാണ് സഖറിയാ പുരോഹിതനും ഏലിശുബാ പുണ്യവതിയും. അതുകൊണ്ടാണ് മറ്റുള്ളവർ കുഞ്ഞിന് കുടുംബപാരമ്പര്യമനുസരിച്ചുള്ള ഏതെങ്കിലും പേരിടുന്നതിനെക്കുറിച്ച് മാതാപിതാക്കളോട് പറയുമ്പോൾ അതിന് അവർ യോജിക്കാതെ യോഹന്നാൻ എന്ന് പേരുനൽകിയത്. ദൈവത്തിന്റെ വാഗ്ദാനം സ്വന്തംജീവിതത്തിൽ അനുഭവിച്ചറിഞ്ഞ അവർക്ക് ദൈവത്തിന്റെ ന്യായപ്രമാണം വിസ്മരിക്കാവുന്ന ഒന്നല്ല. “നീ അവന് യോഹന്നാൻ എന്ന് പേരിടണം” എന്ന ദൈവദൂതന്റെ വാക്കുകൾ ഒരു പ്രാർത്ഥനയായി അന്നുമുതൽ സഖറിയാ പുരോഹിതന്റെ ജീവിതത്തിൽ നിറഞ്ഞു നിന്നിരുന്നു. ലോകത്തിന്റെ മുന്നിൽ അഭിമാനത്തോടെ ഏറ്റുപറയാവുന്ന തരത്തിൽ ദൈവത്തിന്റെ കാരുണ്യം ഏറ്റുവാങ്ങിയ പുരോഹിതൻ പിന്നെ പിൻതിരിഞ്ഞുനോക്കാൻ ആഗ്രഹിക്കുന്നില്ല. വിശ്വാസജീവിതത്തിലെ പിൻതിരിഞ്ഞുനോക്കലുകൾ ഇന്ന് പലപ്പോഴും കൂടിവരികയാണ്.നാം പലപ്പോഴും ദൈവത്തിന്റെ കാരുണ്യം മറന്ന് ദൈവത്തിന്റെ പ്രമാണങ്ങൾ ഉപേക്ഷിക്കാറുണ്ട്. അവിടെ ഈ ദമ്പതികൾ നൽകുന്ന സന്ദേശം നാം മറന്നുപോകരുത്. വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ദൈവത്തോട് എന്നും വിശ്വസ്തരായിരിക്കുക.

ദൈവത്തിന്റെ കാരുണ്യത്തിന്റെ മുന്നിൽ ദൈവസ്തുതികളോട് നിൽക്കുന്ന ഈ ദമ്പതിമാർ ഇന്നത്തെ കുടുംബങ്ങൾക്ക് മാതൃകയാണ്. ഇന്ന് നമ്മുടെ കുടുംബങ്ങളെ ബാധിച്ചിരിക്കുന്ന ഒരു വലിയ വിപത്ത് ദൈവസ്തുതികൾ കുറഞ്ഞുവരുന്നു എന്നതാണ്. പണ്ടുകാലങ്ങളിൽ നമ്മുടെ ഭവനങ്ങൾ പ്രഭാതങ്ങളും സന്ധ്യാനേരങ്ങളും ദൈവസ്തുകളാൽ മുഖരിതമായിരുന്നു. എന്നാലിന്ന്, ആധുനിക സമ്പർക്കമാധ്യമങ്ങളുടെ അതിപ്രസരണമൂലം നമുക്ക് ദൈവത്തെ സ്തുതിക്കാനുള്ള സമയം കുറഞ്ഞുവരുന്നു എന്നത് വലിയൊരു വേദനയുടെ അനുഭവമാണ്. ദൈവസ്തുതികൾ നിറഞ്ഞുനിൽക്കുന്ന ഭവനങ്ങളിൽ വളരുന്ന കുഞ്ഞുങ്ങളാണ് ദൈവാനുഗ്രഹമായി കുടുംബങ്ങൾക്കും സമൂഹത്തിനും ദൈവത്തിന്റെ കാരുണ്യമായി മാറുന്നത്. അതുകൊണ്ട് കുഞ്ഞുവളരാനുള്ള ഏറ്റവും അനുകൂലമായ സാഹചര്യം ദൈവസ്തുതികളുടെ പശ്ചാത്തലമാണ്.

ഇന്ന് നാം ബൈബിൾ ഞായറായി ആചരിക്കുമ്പോൾ, ദൈവത്തിന്റെ വാഗ്ദാനം ചരിത്രത്തിൽ എപ്രകാരം നിവൃത്തിയായി എന്ന് വിശദമാക്കുന്ന വേദപുസ്തകത്തോടുള്ള മനോഭാവമെന്തെന്ന് ചിന്തിക്കാനുള്ള അവസരംകൂടിയാണ്. ദൈവസ്തുതിക്കായി വി.വേദപുസസ്തകം വായിക്കാനും ദൈവീകസന്ദേശം സ്വീകരിക്കാനായി വചനാധിഷ്ഠിതമായ ഒരു ജീവിതം കെട്ടിപ്പടുക്കാനും നമുക്ക് സാധിക്കണം. അതുപോലെ വചനത്തിന്റെ യഥാർത്ഥ പ്രഘോഷകരായി വചനവാഹകരായി തീരാനുള്ള വലിയ നിയോഗം സ്വീകരിക്കാനും ഈ ദിവസം തിരുസഭ നമ്മെ ഉദ്ഘോഷിക്കുന്നു. അതിനായി നമുക്ക് സഖറിയ-എലിസബത്ത് കുടുംബത്തെപ്പോലെ ദൈവവചനത്തിനു മുമ്പിൽപൂർണമായി അർപ്പണം ചെയ്യാം.

@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@